



ഭാരതീയ പൂജാർപ്പണം



ഭാരതീയ പൂജാപ്പണം

(Pro Manuscripto)

DHARMARAM COLLEGE LITURGICAL CENTRE
BANGALORE, 1973

DHARMARAM COLLEGE
LIBRARY
BANGALORE-29

ഭാരതീയ പൂജാർപ്പണം

ആമുഖം

ക്രൈസ്തവലിറർജിയെ ഭാരതത്തിന്റെ സംസ്കാരത്തോടും തത്ത്വചിന്തയോടും അനുരൂപപ്പെടുത്താനുള്ള ശ്രമം തുടങ്ങിയിട്ട് ഏറെ നാളായി. ഇന്നു നിലവിലിരിക്കുന്ന ക്രൈസ്തവാരാധനക്രമം ഭാരത സംസ്കാരത്തിന്റെ മണ്ണിൽ നാമ്പെടുത്തിട്ട് നൂറാണ്ടുകൾ കഴിഞ്ഞെങ്കിലും ദേശീയമായ രൂപവും ഭാവവും അതിന് ഇന്നും ആവശ്യത്തിനു ലഭിച്ചിട്ടില്ല. ഏതാനും വർഷങ്ങൾക്കു മുമ്പ് ധർമ്മാരാം കോളെജിൽ പരീക്ഷണാർത്ഥം ഒരു ദേശീയദൈവാരാധനക്രമത്തിനു രൂപം നല്കുകയുണ്ടായി. 1969 മെയ് മാസത്തിൽ ഇവിടെവച്ചു നടത്തപ്പെട്ട 'ദേശീയ സെമിനാറി'ൽ ഈ ലിറർജി സെമിനാറംഗങ്ങളുടെ പ്രശംസയ്ക്കു പാത്രമായി. അന്ന് അവതരിപ്പിക്കപ്പെട്ട അഭിപ്രായങ്ങളുടെയും, തുടർന്നു നടത്തിയ പഠനത്തിന്റെയും പരീക്ഷണത്തിന്റെയും വെളിച്ചത്തിൽ അതിലെ കുറവുകൾ പലതും പരിഹരിച്ചു രൂപം നല്കിയതാണ് ഈ ''ഭാരതസഭയുടെ പൂജാർപ്പണം''. വത്തിക്കാൻ കൗൺസിലിന്റെ ആഹ്വാനമനുസരിച്ച് നമ്മുടെ നാടിന്റെ സംസ്കാരം, തത്ത്വചിന്ത, ആരാധനാരീതി എന്നിവയിൽ നിന്നു ആഭിമുഖ്യം ലഭിച്ച ക്രൈസ്തവവീക്ഷണത്തിൽ ലിറർജി ദൈവവിജ്ഞാനീയപരമായ സമീപനത്തിലും ഘടനയിലും പ്രതീകാത്മകതയിലും പ്രാർത്ഥനാരീതിയിലും ദേശീയമാക്കാനുള്ള ശ്രമത്തിന്റെ ആരംഭം മാത്രമാണിത്.

സ്ഥലകാലമാറ്റങ്ങളനുസരിച്ച് കുറെയൊക്കെ വ്യത്യാസങ്ങളുണ്ടെങ്കിലും ഭാരതീയപാരമ്പര്യത്തിൽ പൂജയ്ക്കു പൊതുവായ ഒരു ഘടനയും ക്രമവും, ദൈവവിജ്ഞാനീയവീക്ഷണവുമുണ്ട്. ഇവയുടെ പശ്ചാത്തലത്തിലാണ പൂജാവിധികൾ ക്രമീകരിച്ചിരിക്കുന്നത്.

പ്രപഞ്ചത്തെ അതിന്റെ സമഗ്രതയിലും പൂർണ്ണതയിലും സംരക്ഷിക്കുക എന്നതാണല്ലോ ഭാരതീയരുടെ വീക്ഷണത്തിൽ യജ്ഞത്തിന്റെ മുഖ്യലക്ഷ്യം. ധർമ്മസംസ്ഥാപനംവഴിയാണ് ഈ പ്രപഞ്ചോത്തമം സംരക്ഷിക്കപ്പെടുക. ക്രിസ്തുവിന്റെ നിത്യബലിവഴി സാധിതമായ ധർമ്മപുനഃസ്ഥാപനം ഇന്നു നമ്മിൽ യഥാർത്ഥീകരിക്കപ്പെടുകയും അതുവഴി സനാതനോത്തമം പൂർണ്ണമായും സാക്ഷാത്കൃതമാകുക എന്നതാണല്ലോ ക്രൈസ്തവ ലിറർജിയുടെയും ലക്ഷ്യം. പ്രപഞ്ചവസ്തുവിൽനിന്നു ഉരുവാക്കപ്പെട്ട ഭക്ഷണപാനീയങ്ങളെ തന്റെ സാന്നിദ്ധ്യത്താൽ പവിത്രീകരിച്ചും മനുഷ്യന്റെ ആത്മസത്തയെ പ്രസാദത്താൽ വിശുദ്ധീകരിച്ചും വചനത്തിന്റെ ശക്തിയാൽ സാദ്ധ്യമാകുന്ന പ്രണിധാനത്തിലൂടെ തന്നിലേക്കാകർഷിച്ചുംകൊണ്ട് ക്രിസ്തു, അനുദിനം ആവർത്തിക്കപ്പെടുന്ന തന്റെ ഹോമബലിയിലൂടെ ലോകത്തെ മുഴുവൻ സാകല്യമായ ഈശ്വര സാക്ഷാത്കാരത്തിലേക്കു ആനയിക്കുന്നു. ഇതാണ ഭാരതീയമായ ക്രൈസ്തവ പൂജയ്ക്കുണ്ടാകേണ്ട ദൈവവിജ്ഞാനീയപരമായ വീക്ഷണവിശേഷം.

ഇതനുസരിച്ചു ക്രമപ്പെടുത്തിയ ലിറർജിയുടെ പൊതുവായ ഘടന തഴെ കാണുന്ന വിധമാണു്.

1. ബലിപീഠസജ്ജീകരണം

പൂജയ്ക്കാവശ്യമായ പീഠം തയ്യാറാക്കുന്നതിൽത്തന്നെ പ്രതീകാത്മകത ദർശിക്കുന്നവരാണു ഭാരതീയർ. ഇരുന്നാണു സാധാരണ പൂജ നടത്തുക;[1] നിന്നുകൊണ്ടുമാകാം. തിരുവസ്ത്രം,[2] പീഠം, പൂജാഗൃഹം എന്നിവയുടെ സജ്ജീകരണത്തിൽ ഭാരതസംസ്കാരത്തിനു യോജിച്ച ചിഹ്നങ്ങളും പ്രതീകങ്ങളും ഉണ്ടാകണം. പൂജാസാമഗ്രികളിലും ഭാരതീയത്വം ദൃശ്യമാകണം. പദ്മമിട്ട ഭദ്രദീപം[3] കൊളുത്താൻ സൗകര്യം വേണം. കിഴക്കോട്ടു തിരിഞ്ഞു[4] പൂജ നടത്തുക പൗരസ്ത്യചിന്താഗതിയനുസരിച്ചു പ്രതീകാത്മകമാണു്. പൂജാദ്രവ്യങ്ങളായ അപ്പവും വീഞ്ഞും, മറ്റു കാഴ്ചദ്രവ്യങ്ങളുണ്ടെങ്കിൽ അവയും ജനങ്ങളം ബലിവേദിയിലേക്കു കൊണ്ടുവരണം. പീഠത്തിനു നടുവിലായി വേദപുസ്തകവും കുരിശും പൂജ്യമായി സ്ഥാപിച്ചിരിക്കണം. സംഗീതാദി കലകളിലും അംഗവിന്യാസങ്ങളിലും മറ്റു സംവിധാനങ്ങളിലും പ്രപഞ്ചക്രമത്തിന്റെ അനുരണനങ്ങളം തെളിഞ്ഞുകാണണം.

2. ആത്മസജ്ജീകരണം

a) ദീപം കൊളുത്തൽ

ഹൈന്ദവവിധിപ്രകാരം പൂജയ്ക്കു് ഒരുക്കമായുള്ള ശുദ്ധീകരണകർമ്മം വളരെ വിപുലമാണു്. പരിപാവനമായ പൂജാകർമ്മത്തിനു് ആവശ്യമായ ആത്മീയഒരുക്കത്തിന്റെ സൂചനയാണിതു്. അതുകൊണ്ടു ജലത്തിനും ചന്ദനം തുടങ്ങിയ സുഗന്ധദ്രവ്യങ്ങൾക്കും ഇവിടെ സ്ഥാനമുണ്ടു്. അതിനുശേഷം പദ്മമിട്ടു് ദേവസാക്ഷിയായ ദീപം കൊളുത്തുന്നു. ക്രിസ്തുപുരോഹിതനും പിതാവിന്റെ സാക്ഷിയുമാണല്ലോ. അതുകൊണ്ടു ക്രിസ്തുവിനെ സൂചിപ്പിക്കാൻ ദീപം ഏറ്റവും ഉചിതമായ പ്രതീകമാണു്.

b) വന്ദന

വന്ദന കീർത്തനത്തോടെയാണു പൂജ ആരംഭിക്കുന്നതു്. പിതാവിനു സ്തോത്രമാലപിക്കുന്നതോടൊപ്പം (ആരതിവഴി) പ്രതീകാത്മകമായി അതു് ആവിഷ്കരിക്കുകയും ചെയ്യുന്നു.

c) രക്ഷണകർമ്മം

ഗുരുവന്ദനയോടെ ആരംഭിച്ചു് അനുതാപപ്രകരണംചെയ്തു്, അവസാനം കൃതജ്ഞതാപ്രകാശനത്തിലും സമാധാനാശംസയിലും ഈ ഭാഗം അവസാനിക്കുന്നു. ആത്മീയമായ ഒരുക്കത്തിന്റെ ആദ്യഭാഗമാണിതു്. (ഇപ്രകാരമുള്ള ആത്മീയഒരുക്കം ഭാരതീയപ്രാർത്ഥനാരീതിയുടെ മുഖ്യഘടകമാണു്.)

d) ധ്യാനം

ഒരുക്കത്തിന്റെ ഉയർന്ന പദവിയാണ ധ്യാനം. ഭക്തിസ്തോത്രങ്ങൾവഴി ഈശ്വരനിൽ കേന്ദ്രീകൃതമായ മനസ്സും ബുദ്ധിയും ദിവ്യസൂക്തങ്ങളുടെ ശ്രവണം ധ്യാനം എന്നിവയിലൂടെ ദൈവവചനത്തിൽ പ്രണിധാനനിമഗ്നമാകുന്നു.

e) മാനസപൂജ

പൂജയ്ക്കുള്ള ഒരുക്കം അതിന്റെ പാരമ്യത്തിലെത്തുന്നതു മാനസപൂജയിലാണ്. ആരാധകർ ഈശ്വരനിൽ ലീനമായ അന്തരാത്മത്തെ അവിടത്തേക്കു കാഴ്ചയർപ്പിക്കുന്നു. നമ്മുടെ അദ്ധ്വാനത്തിന്റെയും തപശ്ചര്യയുടെയും ബാഹ്യചിഹ്നമായ ഭക്ഷണപാനീയങ്ങൾ കാഴ്ചനല്കിക്കൊണ്ട് ഈ ആത്മപൂജ പ്രതീകാത്മകമാക്കിച്ചെയ്യുന്നു.

3. പീഠപൂജ

ദേവസംപ്രീതനായിത്തീർന്ന ആരാധകൻ പൂജാവസ്തുക്കളിന്മേൽ ഈശ്വരനെ വിളിച്ചുവരുത്തുന്നതിനുമുമ്പു പരിശുദ്ധമായ ഈ യാഗത്തിനു് പീഠപൂജവഴി പീഠമൊരുക്കുന്നു.

4. ഉദ്ഗീത

ഹൈന്ദവപൂജയിൽ ദേവനെ വിളിച്ചുവരുത്തുന്ന കർമ്മമാണു് ആവാഹനം. ക്രൈസ്തവ ദൈവവിജ്ഞാനീയമനസരിച്ചു് ആവാഹനം യജ്ഞത്തിന്റെ യഥാർത്ഥീകരണമാണു്. രക്ഷാകരചരിത്രം മുഴുവൻ കൗദാശികമായി ആവർത്തിക്കപ്പെടുന്ന മുഹൂർത്തമാണു്. അതുകൊണ്ടു് രക്ഷാകര ചരിത്രത്തിന്റെ അനുസ്മരണവും കൂദാശാവചനങ്ങളുടെ ഉച്ചാരണവും ഇതിന്റെ ഭാഗങ്ങളാണു്.

5. നൈവേദ്യസമർപ്പണം

ബലിയിടപ്പെട്ട ദിവ്യനൈവേദ്യത്തെ (ക്രിസ്തുവിനെ) പിതാവിനു കാഴ്ചയർപ്പിക്കുന്ന കർമ്മമാണിതു്.

6. പ്രസന്നപൂജ

നമ്മുടെ മദ്ധ്യേ ആഗതനായിരിക്കുന്ന ക്രിസ്തുവിനോടു ചേർന്നു് പിതാവിനു് ആരാധനാസ്തോത്രങ്ങൾ ചെയ്യാനും അത്മനകം ഉണർത്തിക്കാനുമുള്ളതാണു് ഈ സമയം. ആരാധന, മദ്ധ്യസ്ഥപ്രാർത്ഥനകൾ എന്നിവയുണ്ടു് ഇവിടെ സ്ഥാനമുണ്ടു്.

7. നിദാനം

പിതാവിനു ബലിയിടപ്പെട്ട ദിവ്യനൈവേദ്യമാകുന്ന ക്രിസ്തുവിന്റെ ശരീരവും രക്തവും പ്രസാദമായി ബലിയർപ്പകർ സ്വീകരിക്കു

ന്നു. അങ്ങനെ പൂജവഴി ലഭ്യമായ ദിവ്യപ്രസാദവും ധർമ്മപുനഃസ്ഥാപനവും നമ്മിൽ കൗദാശികമായി ഫലമണിയുന്നു.

8. ഉദ്വാസനം

പ്രസാദപൂരിതരായ ആരാധകർ പൂജയ്ക്കുശേഷം ഈശ്വരസന്നിധിയിൽനിന്നു പിരിയുന്നു. നമ്മുടെ അന്നദിനജീവിതത്തിൽ ദേവസംപ്രീതി തുടർന്നുണ്ടാകാൻ യാചിച്ചുകൊണ്ടും ഈശ്വരാനുഗ്രഹം നേർന്നുകൊണ്ടും സ്വർഗ്ഗീയമായ ശാന്തിയും സമാധാനവും ആശംസിച്ചുകൊണ്ടും ക്രിസ്തുവിനു സാക്ഷ്യംവഹിക്കുവാൻ ഉദ്ബോധിപ്പിച്ചുകൊണ്ടും പൂജ അവസാനിപ്പിക്കുന്നു.

പ്രസ്തുത ഘടനയും സംവിധാനങ്ങളും ഭാരതീയ പൂജാർപ്പണത്തിന്റെ 'മൂലരൂപ'മാണ്. വൈവിധ്യം നിറഞ്ഞ ഭാരതസംസ്കാരവും ആചാരങ്ങളും കണക്കിലെടുത്തു, ഓരോ സ്ഥലത്തിനും സാഹചര്യത്തിനും ജനങ്ങളുടെ അഭിരുചിക്കും ഉതകുന്ന തരത്തിൽ ഒന്നിലേറെ 'ഭാരതീയ പൂജാർപ്പണ' രീതികളും ഈ മൂലരൂപത്തെ ആധാരമാക്കി ക്രമപ്പെടുത്താവുന്നതാണ്.

ഭാരതീയ പൂജാർപ്പണം

പ്രവേശനം

(പുരോഹിതനും ശ്രുശ്രൂഷിയും പൂജാവസ്തുക്കളണിഞ്ഞു് ബലിവേദിയിലേക്കു പുറപ്പെടുന്നു. ദീപം, ധൂപം, പുഷ്പം, അർച്ചന എന്നിവ അവരുടെ മുമ്പിലായി സംവഹിക്കപ്പെടുന്നു. പീഠത്തിൽ വേദപുസ്തകവും കുരിശും പൂജ്യമായി സ്ഥാപിച്ചിരിക്കുന്നു.)

ഗാനം

നിത്യകവാടം തുറന്നാലും
ഭൂതലം നിന്നൊളി കാണട്ടെ
തൈജസപൂർണ്ണിമ നീയല്ലോ
താമസപാപമയം ഞങ്ങൾം
നീക്കണമേ നിന്നാവരണം
നിന്മുഖമൊന്നിവർ കാണട്ടെ.[5]

OR

നിത്യപിതാവേ കനിഞ്ഞാലും
പൂജയ്ക്കണയുന്നീ ദാസരിൽ
സൃഷ്ടിയാം[6] ആദിമയജ്ഞവും
പൂർണ്ണമാം കാൽവരിയാഗവും
ഓർക്കണമേ; ഈ പൂജാകർമ്മം
ഞങ്ങൾക്കനുഗ്രഹമാകട്ടെ നിത്യ....

ആത്മസമർപ്പണം

(പൂജാവേദിയിൽ പ്രവേശിച്ചു് എല്ലാവരും നെറ്റിയിൽ കൈകൂപ്പി ധ്യാനനിമഗ്നരായി നിന്നശേഷം യജ്ഞപീഠത്തിനു് അഗാധവന്ദനം ചെയ്യുന്നു.)

പുരോ: [7] ഓം ശാന്തി! ശാന്തി! ശാന്തി![8]

(പുരോഹിതൻ കൈകഴുകി സ്വയം വിശുദ്ധീകരിച്ചു് ചന്ദനം (കളഭം) പൂശുന്നു.)

പുരോ: സച്ചിദാനന്ദ സ്വരൂപനായ സർവ്വേശ്വരാ/ (സമൂഹം തുടരുന്നു) നിർമ്മലഹൃദയത്തോടും പരിശുദ്ധ ഭാവനയോടുംകൂടെ/ ഈ പാവനകർമ്മം നിർവ്വഹിക്കാൻ/ ഞങ്ങളെ അനുഗ്രഹിക്കണമേ.

(ബലിവേദിയിൽ പനിനീർ തളിച്ചുകൊണ്ടു് ചൊല്ലുന്നു.)

പുരോ: അരൂപനായ നിന്നെ ആവഹിക്കയും/ അപരിമിതനായ നിന്നെ സ്വീകരിക്കയും ചെയ്യുന്ന ഈ ബലിവേദി/ കാൽവരിയിലെ യാഗവേദിപോലെ പരിശുദ്ധമാകട്ടെ.

(സമൂഹത്തിന്റെമേൽ പനിനീർ തളിച്ചുകൊണ്ടു ചൊല്ലുന്നു.)

പുരോ: നിന്റെ പ്രസാദമാകുന്ന ദിവ്യതീർത്ഥത്താൽ/ അപ്പുകരായ ഞങ്ങളും ധന്യരാകട്ടെ.

പുരോ: (ദീപം കൊളുത്തിയ തളിക നീട്ടിപ്പിടിച്ചുകൊണ്ട്[9]) സൃഷ്ടാവായ പരംപൊരുളിനും, സൃഷ്ടികളായ ഞങ്ങൾക്കും ഏകമദ്ധ്യസ്ഥനായ[9] ക്രിസ്തുനാഥാ, നിത്യം ജ്വലിക്കുന്ന സ്നേഹനാളമേ, ജ്വലിച്ചുയരുന്ന ഈ പ്രകാശനാളം[10]പോലെ, സ്നേഹത്താൽ തുടിക്കുന്ന ഞങ്ങളുടെ ഹൃദയനാളം കാഴ്ചയായി തിരുമുമ്പിൽ അർപ്പിക്കുന്നു. (ദീപം കൊളുത്തുന്നു)[11]

സമൂഹം: സനാതനപ്രകാശമേ, ദിവ്യാവിഷ്കരണപൂർണ്ണിമയേ/ സകലരെയും പ്രകാശിപ്പിക്കുന്ന നിന്റെ ദീപ്തിയാൽ/ ഞങ്ങളും പ്രകാശിതരാകട്ടെ.

(തുടർന്നു താഴെ വരുന്ന ഗാനമാലപിക്കയിൽ പുരോഹിതനും അദ്ദേഹത്തെ അനുഗമിച്ചു സമൂഹവും ജ്യോതിസാക്ഷിയോടു[9] വണക്കം കാണിക്കുന്നു)

കീർത്തനം

പൂർണ്ണസനാതന സത്യപ്രകാശമേ
യേശു നിൻപാദമെന്നാലംബമേ[12]
കൂരിരുളാന്നൊരു ഭൂതലസീമയിൽ
വാരൊളി വീശിയ വാനവദീപം
യേശു നിൻപാദം.

OR

ദിവ്യപ്രകാശമേ ജീവിതജ്യോതിസ്സേ
മാമക ചേതസ്സിൻ തേജസ്സേ വെൽക നീ
ശാന്തിസംദായകാ ചിദ്രൂപദീപമേ
വിശ്വവിശാലമാം കാന്തിപ്രകർഷമേ
ദൈവികജ്ഞാനത്തിൻ സാഗരമാണു നീ
മാനവമാനസ ചൈതന്യമാണു നീ
സ്നേഹത്തിൻ മൂർത്തീമദ്ഭാവമായ് വെൽകനീ (2)
ദിവ്യപ്രകാശമേ....

മാനവകാന്തിയും ശോഭയുമായി നീ
കാരുണ്യസാഗരമേ സത്താസ്വരൂപമാം
കൈവല്യദായകാ കൈവണങ്ങുന്നു–
ഞാൻ കൈവണങ്ങുന്നു. (2)

വന്ദനകീർത്തനം

പുരോ: ഓം പിതാ പുത്ര പവിത്രാത്മനേ നമഃ
സദാ സച്ചിദാനന്ദ[13] പ്രഭാവമേ നമഃ
ത്രിയേക സത്യ സ്നേഹസ്വരൂപമേ
നമോ, നമോ, നമഃ

സമൂഹം: ഓം ജഗദീശ്വര സദാപി ചിന്മയ[14]
ജഗദീശ്വര വന്ദേ
ഓം പരിപൂജിത പരാപരാത്മാ
അനവരതം വന്ദേ (2)
(എല്ലാവരും വന്ദിക്കുന്നു)

രക്ഷണകർമ്മം

പുരോ: നമുക്കെല്ലാവക്കുംവേണ്ടി അർപ്പിക്കപ്പെടുന്ന ഈ ബലിയിൽ സർവ്വേശ്വരൻ പ്രസാദിക്കുമാറാകട്ടെ. നമ്മുടെ അമ്മയായ കന്യകാമറിയത്തിന്റെയും ആചാര്യനായ[15] തോമ്മാശ്ലീഹായുടെയും (പ്രത്യേക മദ്ധ്യസ്ഥൻ) അനുഗ്രഹാശിസ്സുകളും നമുക്കുണ്ടാകട്ടെ.

സമൂഹം: പ്രവാചകന്മാരെയും ശ്ലീഹന്മാരെയും/ വേദസാക്ഷികളെയും പിതൃജനങ്ങളെയും/ കൈവല്യം പ്രാപിച്ച യതിവര്യന്മാരെയും നമുക്കനുസ്മരിക്കാം./ അവരുടെ സംരക്ഷണം/ ഈ പൂജാവേദിയിൽ നമുക്കുണ്ടാകട്ടെ.

പുരോ: ദയാപരനായ സർവ്വേശ്വരാ, തിരുസുതന്റെ പരിശുദ്ധവും ജീവദായകവുമായ ഈ ബലി അർപ്പിക്കുവാൻ പാപികളും ബലഹീനരുമായ ഞങ്ങളും തികച്ചും അയോഗ്യരാണു്.[16] എങ്കിലും ബലഹീനക്കു ബലവും പാപികൾക്കു പാപമോക്ഷവും നീയാണല്ലോ. നിന്റെ കരുണയിൽമാത്രം അഭയം തേടുന്ന ഞങ്ങളെ നിർമ്മലഹൃദയത്തോടും പരിശുദ്ധ ഭാവനയോടുംകൂടെ ഈ പാവനകർമ്മം നിർവ്വഹിക്കാൻ ശക്തരാക്കേണമേ.

സമൂഹം: നാഥാ, നിന്റെ ദാസരുടെ പാപങ്ങളും അപരാധങ്ങളും/ കാരുണ്യപൂർവ്വം ക്ഷമിക്കണമേ.

(അല്പനേരം മൗനമായി അനുതാപപ്രകരണം ചെയ്യുന്നു. പുരോഹിതൻ ബലിപീഠം വന്ദിച്ചു് വിശുദ്ധീകരണം പ്രാപിക്കുന്നു. സമൂഹവും വന്ദിക്കുന്നു.)

പുരോ: സഹോദരരേ, ക്രിസ്തുനാഥന്റെ പ്രബോധനമനുസരിച്ചു് ഈ ബലിയർപ്പിക്കുന്നതിനുമുമ്പു് നമുക്കു പരസ്പരം സമാധാനം ആശംശിക്കാം.

('ശാന്തി' എന്നു പറഞ്ഞു് ആശംസിക്കുന്നു.)

പുരോ: മുക്തിയും മാശ്ലേഷവുമായ[17] സർവ്വേശ്വരാ/ (സമൂഹവും ചേർന്നു്) സ്നേഹത്തിന്റെ വഴിത്താര ഞങ്ങൾക്കു നീ തുറന്നുതന്നു./ ഞങ്ങളുടെ ആത്മമാലിന്യം നീ തുടച്ചുമാറ്റി പുഷ്പമനോഹരമാക്കി[18]/ ഞങ്ങളിൽ ചൊരിഞ്ഞ അനേക ദാനങ്ങൾക്കു നന്ദി.

ധ്യാനം

പുരോ: നിന്റെ ദർശനം പ്രതീക്ഷിച്ചു കഴിയുന്ന സൃഷ്ടികളായ ഞങ്ങൾക്കു് നാനാവിധത്തിൽ സ്വയംവെളിപ്പെടുത്തിയ സർവ്വേശ്വരാ[19] സനാതനസത്യങ്ങൾ പകരുന്ന ദിവ്യസൂക്തങ്ങൾ ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ.[20]

സമൂഹം: വേദങ്ങൾക്കാധാരവും, ഋഷിമാരുടെ[21] ധനവും, ബ്രഹ്മചാരികളുടെ പ്രതീക്ഷയുമായ/ സനാതനശബ്ദത്തിന്റെ പ്രവാചകർ[22] ഞങ്ങളാകട്ടെ.

(ശ്രുശ്രൂഷി വേദങ്ങൾ വായിക്കുവാൻ അനുവാദം അഭ്യർത്ഥിക്കുന്ന രീതിയിൽ കുനിയുന്നു.)

പുരോ: ദിവ്യസൂക്തങ്ങൾ വായിക്കുവാൻ ക്രിസ്തുഭഗവാൻ വരമരുളട്ടെ.

(ശ്രുശ്രൂഷി വേദഗ്രന്ഥം വായിക്കുന്നു.)

(ധൂപാരതി വി. ഗ്രന്ഥം ധൂപിക്കുന്നു.)

(പുരോഹിതൻ വായനയ്ക്കു മുമ്പായി ചൊല്ലുന്നു/ പാടുന്നു.)

പുരോ: അരൂപാ മഹാത്മാ ചിദാനന്ദരൂപാ

സമൂഹം: അവിദ്യാ വിരുദ്ധം വിവേകം തരൂ നീ
തമസ്സിൻ കൃതാന്താ തരൂ നീ പ്രകാശം
അജാതാ നിതാന്താ സുചൈതന്യമേകൂ.

OR

പുരോ: ലോകൈക[23] ഗുരുവായ ക്രിസ്തുദേവാ/ (സമൂഹവും ചേർന്ന്) അസത്യത്തിൽനിന്നു സത്യത്തി[24]ലേക്കും/ ഇരുളിൽനിന്നു പ്രകാശത്തിലേക്കും/ മൃത്യുവിൽനിന്നു അമർത്ത്യതയിലേക്കും/ നിന്റെ സുവിശേഷംവഴി ഞങ്ങളെ നയിക്കേണമേ.

പുരോ: (സുവിശേഷപുസ്തകംകൊണ്ടു കുരിശാകൃതിയിൽ ആശീർവ്വദിച്ചുകൊണ്ടു ചൊല്ലുന്നു) 'ക്രിസ്തുദേവന്റെ ശാന്തിയും സമാധാനവും നമുക്കുണ്ടാകട്ടെ'.

സമൂഹം: ഇപ്പോഴും എന്നേയ്ക്കുമാകട്ടെ.

പുരോ: വി. മത്തായി (ലൂക്കാ, മർക്കോസ്, യോഹന്നാൻ) എഴുതിയ നമ്മുടെ കർത്താവിന്റെ വിശുദ്ധ സുവിശേഷം.

(അനന്തരം സുവിശേഷം വായിക്കുന്നു. വായനയ്ക്കുശേഷം നെറ്റിയിൽതൊട്ടു വന്ദിക്കുന്നു.)

പ്രവചനം (വ്യാഖ്യാനം)

ധ്യാനം

കീർത്തനം

യേശുദേവാ സദാ സ്തോത്രം
യേശുദേവാ സദാ സ്തുതി
യേശുദേവാ സദാ സ്തോത്രം
സദാദേവനു കീർത്തനം

മാനസപൂജ

(പ്രസ്തുത ഗാനമാലപിക്കയിൽ പൂജാദ്രവ്യങ്ങൾ ഒരുക്കുന്നു. അവയ്ക്കുചുറ്റും പുരോഹിതൻ ജലം തളിച്ചു വിശുദ്ധീകരിക്കുന്നു. ആന്തരിക ശുദ്ധീകരണത്തെ സൂചിപ്പിക്കുവാൻ തീർത്ഥപാനം ചെയ്യുകയുമാവാം.)

പുരോ: നമ്മുടെ രക്ഷയ്ക്കുവേണ്ടി സ്വയം വെളിപ്പെടുത്തിയ സ്നേഹ നിധിയായ സർവ്വേശ്വരനു് നമ്മെത്തന്നെ കാഴ്ചവയ്ക്കാം.

(കാഴ്ചദ്രവ്യങ്ങൾ ഉയർത്തിപ്പിടിക്കുന്നു.)

കീർത്തനം

കാഴ്ചയേകിടാം
അഖിലനായകാ
ലോകപാലകാ
പദം ചേർന്നിടാം
കാഴ്ചയേകിടാം
ദിവ്യദീപ്തിയിൽ
ഒന്നുചേരുവാൻ
ആത്മപുഷ്പം പൂജ[25]ചെയ്തിടാം
ജീവദായകാ കാഴ്ചയേകിടാം
ജീവിതം ഞാൻ
പൂജചെയ്തിടാം
അഖിലനായകാ
ലോകപാലകാ
പദം ചേർന്നിടാം: കാഴ്ചയേകിടാം.

പുരോ: പിതാവായ സർവ്വേശ്വരാ/ (സമൂഹവും ചേരുന്നു) തിരുസുതന്റെ പീഡാസഹനവും മരണവും ഉത്ഥാനവുംവഴി/ പൂർത്തിയാക്കപ്പെട്ട നിന്റെ ആത്മദാനത്തിന്റെ അനുസ്മരണവും/ ഞങ്ങളുടെ ആത്മാർപ്പണത്തിന്റെ പ്രതീകവുമായി/ ഈ കാഴ്ച സ്വീകരിക്കേണമേ.

പീഠപൂജ

(വിശുദ്ധ പൂജാദ്രവ്യമായ ക്രിസ്മവിനു പീഠം സജ്ജമാക്കുന്നു. പൂക്കൾ വിരിച്ചു് പീഠം ധൂപിക്കുന്നു. ഉചിതമായ മന്ത്രം ഉരുവിടുന്നു.)

മന്ത്രങ്ങൾ

(പുരോഹിതൻ ജപിക്കുന്നു; സമൂഹം ആവർത്തിക്കുന്നു.)

1. ഓം ശ്രീ ഭഗവതേ അനന്ത ദേവായ നമ:
2. ഓം ശ്രീ ഭഗവതേ സച്ചിദാനന്ദായ നമ:
3. ഓം ശ്രീ ഭഗവതേ സത്യമാർഗ്ഗായ നമ:
4. ഓം ശ്രീ ഭഗവതേ യേശുക്രിസ്തായ നമ:
5. ഓം ശ്രീ സദ്ഗുരവേ യേശുദേവായ നമ:
6. ഓം ഈശായപൂർണ്ണ ദേവായ നമ:
7. ഓം ഈശായസത്പുരുഷായ നമ:
8. ഓം ഈശായയജ്ഞ രൂപായ നമ:
9. ഓം ഈശായ ജ്യോതിഷാം ജ്യോതിഷേ നമ:
10. ഓം ഈശായ കന്യാസുതായ നമ:

പുരോ: സൃഷ്ടികർമ്മങ്ങൾക്കെല്ലാം ആധാരശക്തിയും മൂലപ്രകൃതിയുമായ[26] ആദ്യയജ്ഞപീഠവും വാഗ്ദാനപേടകത്തിന്റെ കൂടാരവും[27] നിത്യയാഗത്തിന്റെ പൂജ്യപീഠമായ യാഗപർവ്വതവും[28] മഹത്വപൂർണ്ണമായ സ്വർഗ്ഗീയ ദേവാലയവും[29] പോലെ ഈ ബലിപീഠവും നിന്റെ വിശുദ്ധിയുടെ പരിമളംകൊണ്ട് പവിത്രീകരിക്കേണമേ.

പൂജാപ്രാർത്ഥന (ദീർഘരൂപം)

ഉദ്ഗീത (രക്ഷാചരിത്രം ആരംഭിക്കുന്നു)

പുരോ: അനാദിമുതൽ നമ്മോടൊത്തു സ്നേഹത്താൽ സ്വയം ആവിഷ്കരിക്കയും മുക്തിമാർഗ്ഗം തുറന്നു തരികയുംചെയ്ത തിരുമനസ്സിന്റെ അനന്തകാരുണ്യത്തെ രക്ഷാകരചരിത്രം അനുസ്മരിച്ചുകൊണ്ട് പാടിപ്പുകഴ്ത്താം.

സമൂഹം: അനന്തസാത്വിക പൂർണ്ണിമയേ
അതുല്യചിന്മയ പൂർണ്ണിമയേ[30]
അവർണ്ണ്യസുന്ദര പൂർണ്ണിമയേ
തൊഴുന്നു നൽവരമേകണമേ.

(എല്ലാവരും തൊഴുന്നു)

പുരോ: അനാദ്യനും അനശ്വരനുമായ പിതാവേ, അനന്തജീവനിൽ പങ്കു നല്കിക്കൊണ്ട് ക്രിയാത്മകസ്നേഹത്താൽ നീ പ്രപഞ്ചത്തിനസ്ഥിതിത്വം നല്കി പരിപാലിക്കുന്നു. നിന്റെ മഹത്വം ലോകമാകെ വ്യാപിച്ചിരിക്കുന്നു. ഓരോ അണുവും ഓരോ ജീവിതരംഗവും നിന്റെ സാന്നിദ്ധ്യം[31] നിറഞ്ഞുനില്ക്കുന്നു. നിനക്കതീതമായി ഒന്നുമില്ല. നിന്നെക്കാൾ സാവ്ത്രികമായി ഒന്നുമില്ല.[32]

സമൂഹം: നിത്യനായ സർവ്വേശ്വരാ, നിന്റെ മഹത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു./ നിന്റെ ശക്തിയെ ഞങ്ങളാരാധിക്കുന്നു.[33]

പുരോ: ആദിയിൽ തപോയജ്ഞം[34]വഴി സൃഷ്ടികർമ്മം ആരംഭിക്കുകയും വാഗ്ദോവിലാസം[35]കൊണ്ട് വിശ്വം വിതാനിക്കയും ചെയ്തു. ഇരുളിനെ പ്രകാശമായും ശൂന്യതയെ അസ്തിത്വമായും പകർത്തിയ നിന്റെ മഹാമഹിമയെ സൃഷ്ടിജാലം മുഴുവൻ പ്രകീർത്തിക്കുന്നു.[36]

സമൂഹം: സൃഷ്ടികർമ്മങ്ങൾക്കെല്ലാം നാമവും രൂപവും[37] നല്കിയ/ അദൃശ്യനും അനുപമനുമായ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു.

പുരോ: നിന്റെ ഛായയിലും സാദൃശ്യത്തിലും[38] മക്കളായ ഞങ്ങളെ സൃഷ്ടിച്ചുകൊണ്ട് നിത്യജീവൻ പ്രദാനം ചെയ്യുകയും പിതാവിനെപ്പോലെ ഞങ്ങളെ പരിപാലിക്കയും, സത്യം ഗ്രഹിക്കാൻ ബുദ്ധിയും നന്മയെ സ്നേഹിക്കാൻ മനസ്സും നല്കി ഞങ്ങളെ അനുഗ്രഹിക്കയുംചെയ്ത നിനക്കെന്നും കൃതജ്ഞത സമർപ്പിക്കുന്നു.

സമൂഹം: സച്ചിദാനന്ദസ്വരൂപാ, നീയാണു ഞങ്ങളുടെ മാതാവും പിതാവും[39]/ നീ മാത്രമാണു ഞങ്ങളുടെ രക്ഷകൻ/ നീ തന്നെ ഞങ്ങളുടെ ആശ്വാസദായകൻ.

പുരോ: നന്മതന്നെയായ നിന്നെ ഞങ്ങൾ ധിക്കരിക്കയാൽ നിത്യജീവൻ ഞങ്ങൾക്കു നഷ്ടമായി[40]. ധർമ്മം ക്ഷയിച്ചു; അജ്ഞാനം[41] ഞങ്ങളെ ആത്മീയാന്ധകാരത്തിലാക്കി[42]. എങ്കിലും അവർണ്ണ്യമായ സ്നേഹവായ്പിൽ നീ ഞങ്ങളെ സ്മരിക്കയും രക്ഷാവരം ദാനം ചെയ്കയും ചെയ്തു. പ്രവാചകന്മാരും ധർമ്മസ്ഥാപകരും വഴി നാനാവിധത്തിൽ രക്ഷാകരസന്ദേശം നീ വെളിപ്പെടുത്തി. നിർമ്മലമാനസരായ സത്യാന്വേഷികളും ആദ്ധ്യാത്മികവും ധാർമ്മികവുമായ സിദ്ധികളിലൂടെയും സാമൂഹ്യ സാംസ്കാരിക മൂല്യങ്ങളിലൂടെയും പരിത്രാണരഹസ്യങ്ങൾക്കു സാക്ഷികളായി.

സമൂഹം: ജനതകളുടെ പ്രകാശമേ,[43] നിന്റെ ജ്ഞാനം അഗ്രാഹ്യവും സാവ്ത്രിക പരിപാലന അദ്ഭുതാവഹവുമാകുന്നു.

പുരോ: പരമമുഹൂർത്തം[44] സമാഗതമായപ്പോൾ ഞങ്ങളുടെ പിതാക്കന്മാരായ നോഹിനോടും അബ്രാഹത്തിനോടും യാക്കോബിനോടും[45] ചെയ്ത ഉടമ്പടി അനുസ്മരിച്ചുകൊണ്ട് നിന്റെ ദിവ്യസുതനെ നീ അയയ്ക്കുകയും അവിടുന്നു കന്യകയിൽനിന്നു മനുഷ്യനായി അവതരിക്കുകയും[46] സന്മാതൃകയും സാരോപദേശങ്ങളും വഴി മുക്തിമാർഗ്ഗം പഠിപ്പിക്കുകയും അദ്ഭുതങ്ങളും അടയാളങ്ങളുംവഴി മോക്ഷരാജ്യം വെളിപ്പെടുത്തുകയും[47] പീഡാസഹനവും മരണവും ഉത്ഥാനവുംവഴി നിത്യമായി ഞങ്ങളെ ഉദ്ധരിക്കയുംചെയ്തു. ഭക്തിയിലും ശ്രദ്ധയിലും[48] അടിയുറച്ച ദൈവജനത്തിൽ[49] ഞങ്ങളെ ഒന്നിപ്പിക്കയും ഈശ്വരസാക്ഷാത്ക്കരണത്തിനു ഞങ്ങളെ പ്രാപ്തരാക്കുവാൻ പവിത്രാത്മാവിനെ ഞങ്ങൾക്കു പ്രദാനം ചെയ്കയും ചെയ്തു.

സമൂഹം: അവാച്യമായ ഈ ആത്മദാനത്തിനു/ അനവരതം സ്തുതി/ തിരുസുതന്റെ വിശ്വരൂപദർശനം[50] പ്രതീക്ഷിച്ചു കഴിയുന്ന ഞങ്ങളിൽ/ രക്ഷാകരരഹസ്യം പൂർത്തിയാകട്ടെ.

പുരോ: പ്രത്യാഗമനംവരെ ലോകമാകെ സമഷ്ടിക്കേണ്ട ഏകബലിയും കൂദാശയും അവിടുന്നു സ്ഥാപിക്കയും[51] അതാചരിക്കുവാൻ യജ്ഞാധികാരികളായി[52] ഞങ്ങളെ നിയമിക്കുകയും ചെയ്തു. ആകയാൽ നിന്റെ ദിവ്യസുതൻ ഞങ്ങളെ പഠിപ്പിച്ചതുപോലെ ഈ രക്ഷാകരരഹസ്യം ഞങ്ങളിതാ ഇവിടെ സമ്മേളിച്ചിരിക്കുന്ന ഈ ചെറിയസഭയിൽ സ്മരിക്കയും അനുഷ്ഠിക്കുകയും[55] ചെയ്യുന്നു.

ആവാഹനം (എപ്പിക്ലേസിസ്)

(തിരുവസ്ത്രങ്ങളിന്മേൽ കൈപിടിച്ചുകൊണ്ട്)

പുരോ: ശ്രീഭക്തി ഭാവപ്രണിധാനജ്ഞാനസാര
സമൂഹം: ശ്രീസ്നേഹരൂപ സുഭഗേശ്വര ശാന്തിദാത

ശ്രീമുക്തിദാതാ വരദായക പാവനാത്മൻ
അവതീര്യതാം; മമവിഭോ, മമസുപ്രണാമം.

(എല്ലാവരും പ്രണമിക്കുന്നു)

OR

പുരോ: നിന്റെ പരിശുദ്ധാത്മാവു് എഴുന്നള്ളിവരട്ടെ. തന്റെ സംപ്രീതസാന്നിദ്ധ്യത്താൽ ഞങ്ങളെ ധന്യരാക്കുകയും ഈ പൂജാദ്രവ്യങ്ങളിലാവസിച്ചു് ഇവയെ വിശുദ്ധീകരിക്കുകയും ചെയ്യട്ടെ.[54]

(മൗനം)[55]

Consecration

പീഡാസഹനത്തിന്റെ തലേരാത്രിയിൽ ശിഷ്യരുടെ കാലുകളും കഴുകി[56] പരസ്പരസ്നേഹത്തിന്റെയും സേവനത്തിന്റെയും മാതൃക നല്കിയശേഷം ഈശോ അപ്പമെടുത്തു് സ്വർഗ്ഗത്തിലേക്കു കണ്ണുകളുയർത്തി പിതാവിനു കൃതജ്ഞതസമർപ്പിച്ചു് വാഴ്ത്തി വിഭജിച്ചു് ശിഷ്യന്മാക്കു നല്കിക്കൊണ്ടരുളിച്ചെയ്തു.... ഇതു പാപമോചനത്തിനായി നിങ്ങൾക്കുവേണ്ടി മുറിക്കപ്പെടുന്ന എന്റെ ശരീരമാകുന്നു. നിങ്ങളെല്ലാവരും ഇതിൽനിന്നു വാങ്ങി ഭക്ഷിക്കുവിൻ.

സമൂഹം: ആമ്മേൻ.

അനന്തരം പാനപാത്രമെടുത്തു കൃതജ്ഞതാസ്തോത്രംചെയ്തു് അരുളിച്ചെയ്തു....ഇതു പാപമോചനത്തിനായി സകലർക്കുംവേണ്ടി ചിന്തപ്പെടുന്ന പുതിയ ഉടമ്പടിയിലെ എന്റെ രക്തമാകുന്നു. നിങ്ങളെല്ലാവരും ഇതിൽനിന്നു വാങ്ങി പാനംചെയ്യുവിൻ[57].

സമൂഹം: ആമ്മേൻ.

(കൈകളുയർത്തി മേല്പോട്ടുനോക്കി)

'ഞാൻ ഈ ചെയ്തതു് നിങ്ങളും എന്റെ നാമത്തിൽ ഒന്നിച്ചു കൂടുമ്പോളും എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ.'

നിത്യനായ പിതാവേ,[58] തിരുസുതന്റെ പീഡാസഹനത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമ്മ ആചരിച്ചുകൊണ്ടു് അവന്റെ മഹത്വപൂർണ്ണമായ പ്രത്യാഗമനംവരെ ഈ തിരുശരീരരക്തങ്ങളാം നിത്യനൈവേദ്യമായി നിനക്കു ഞങ്ങളം അർപ്പിക്കുന്നു. (എല്ലാവരും ആരാധിക്കുന്നു.)

അർത്ഥന

പുരോ: സനാതനധർമ്മത്തിന്റെ ഉറവിടവും സംരക്ഷകനും സ്ഥാപകനുമായ[59] സർവ്വേശ്വരാ, പ്രപഞ്ചസൃഷ്ടവും,[60] ധർമ്മപുനഃസ്ഥാപനവും സാധിച്ച നിന്റെ നിത്യബലിയുടെ ഈ അനുസ്മരണംവഴി ലോകമാകെ ശാന്തിയും സമാധാനവും[61] കൈവരാനും മനുഷ്യരെല്ലാം നീ നല്കിയ നിത്യജീവനിൽ വളരുവാനും[62] ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: പിതാവേ, ഞങ്ങളുടെ പ്രാർത്ഥന സ്വീകരിക്കേണമേ.

ശുശ്രൂഷി: പ്രധാനാചാര്യനും സാർവ്വത്രികസഭയുടെ തലവനുമായ (പേരു്) പാപ്പായ്ക്കുവേണ്ടിയും[63] ഞങ്ങളുടെ മേലദ്ധ്യക്ഷനും പിതാവുമായ (പേരു്) മെത്രാപ്പോലീത്തായ്ക്കുവേണ്ടിയും വിശുദ്ധ സഭ മുഴുവനുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: പിതാവേ, ഞങ്ങളുടെ പ്രാർത്ഥന സ്വീകരിക്കേണമേ.

ശുശ്രൂഷി: ഞങ്ങളുടെ മാതാപിതാക്കൾ, ബന്ധുമിത്രാദികൾ, ഉപകാരികൾ എന്നിവർക്കുവേണ്ടിയും മരിച്ചുപോയ എല്ലാവർക്കുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: പിതാവേ, ഞങ്ങളുടെ പ്രാർത്ഥന സ്വീകരിക്കേണമേ.

ശുശ്രൂഷി: അദ്ധ്വാനിക്കുന്നവരും ആലംബഹീനരും ആകുലരുമായ എല്ലാവർക്കുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: പിതാവേ, ഞങ്ങളുടെ പ്രാർത്ഥന സ്വീകരിക്കേണമേ.

ശുശ്രൂഷി: ഞങ്ങളുടെ മാതൃഭൂമിയായ ഭാരതത്തിൽ ആദ്ധ്യാത്മികവും ഭൗതികവുമായ ഐശ്വര്യം കൈവരുന്നതിനും എല്ലാ ജനവിഭാഗങ്ങളും നിന്നെയും നിന്റെ പ്രിയപുത്രനെയും പൂർണ്ണമായി അറിഞ്ഞാരാധിക്കുന്നതിനും[64] ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: പിതാവേ, ഞങ്ങളുടെ പ്രാർത്ഥന സ്വീകരിക്കേണമേ.

(പ്രത്യേക അപേക്ഷകൾ)

(Epiclesis) പുരോ: (കൈയുയർത്തി) പിതാവായ സർവ്വേശ്വരാ, നിന്റെ പരിശുദ്ധാത്മാവു് എഴുന്നള്ളിവരട്ടെ; പരമ പരിശുദ്ധമായ ഈ ബലിവസ്തുവിലാവസിച്ചു് ഇതിനെ പവിത്രീകരിക്കട്ടെ. രക്ഷയുടെ രഹസ്യങ്ങൾ പ്രഘോഷിക്കുവാൻ പ്രാപ്തരാകത്തക്കവണ്ണം നിന്റെ ദിവ്യാത്മാവിയാൽ ഞങ്ങൾ നിറയുകയും ചെയ്യട്ടെ.

സമൂഹം: ഇതുവഴി പാപമോചനവും ഉയിർപ്പിലുള്ള പ്രത്യാശയും നിത്യജീവനും ഞങ്ങൾക്കു ലഭിക്കുമാറാകട്ടെ.

പുരോ: (കൈ ഉയർത്തി) നാഥാ, (OR) നിന്റെ ദാസരായ ഞങ്ങളുടെമേലും പാവനമായ ഈ കാഴ്ചകളിന്മേലും നിന്റെ അരൂപിയെ അയക്കണമേ. അങ്ങനെ നിന്റെ രക്ഷയുടെ രഹസ്യങ്ങൾ ധൈര്യത്തോടെ പ്രഘോഷിക്കുന്നതിനും അതുവഴി നിന്റെ രാജ്യത്തിൽ മഹത്ത്വം പ്രാപിക്കുന്നതിനും ഞങ്ങൾ ശക്തരായിത്തീരട്ടെ.

സമൂഹം: ആ ദിവ്യചൈതന്യത്താൽ നിന്റെ രക്ഷാകർമ്മം ഞങ്ങളിൽ പൂർത്തിയാകട്ടെ.

പുരോ: ഈ ദിവ്യാത്മാവിവഴി നിന്റെ തിരുക്കുമാരന്റെ ശരീരരക്തങ്ങളുടെ പക്കലേക്കു ഞങ്ങളെ അടുപ്പിച്ച നിനക്കു ഞങ്ങൾ ആരാധനയും സ്തോത്രവും അർപ്പിക്കുന്നു.

(പൂജാപ്രാർത്ഥന ~~സംക്ഷിപ്തരൂപം~~ ഇവിടെ അവസാനിക്കുന്നു.)

പ്രസന്നപൂജ

ഉന്നതങ്ങളിൽ നിന്നിറങ്ങിയ ദിവ്യഭോജനം[65] ഇതാകുന്നു. ആത്മാവിനു് അക്ഷയമായ അമൃതം[66] പകരുന്ന ദിവ്യസാന്നിദ്ധ്യം ഇവിടെയാകുന്നു. പവിത്രമായ ഈ സാന്നിദ്ധ്യം നമ്മെ ഗ്രസിക്കുകയും നാം അതിൽ വിലയംകൊള്ളുകയും ചെയ്യട്ടെ.[67]

(ത്രിവിധാരതി)

കീർത്തനം

വാനിൽമേവും സുരഭോജനം നീ,[68] ഭൂവനാഗത സുധ നീ[69]
മർത്യരക്ഷ നീ മാനവരാശിതൻ, അക്ഷയാത്മനിധി നീ
ജീവശക്തിനീ[70] വിശ്വദീപ്തിനീ,[71] ലോകമഹാപ്രഭ നീ[72]
പൂജ്യപൂജ്യനാം രാജരാജനാം, മഹാത്മ സദ്ഗുരുനീ
പാപമോക്ഷം നീ പുണ്യതീർത്ഥം നീ[73], ചിദാനന്ദ വിഭു നീ
ദീനബന്ധു നീ[74] സ്നേഹസിന്ധു നീ[75], മാമകാത്മപ്രഭു നീ.

പുരോ: (അപ്പം മുറിച്ചു തിരുരക്തത്തിൽ മുക്കി മുദ്രിതമാക്കുന്നു) ക്രിസ്തുനാഥന്റെ ശരീരമാകുന്ന പരമപ്രസാദവും രക്തമാകുന്ന പരമതീർത്ഥവും പരസ്പരം കലർത്തപ്പെടുകയും പൂർണ്ണീകരിക്കപ്പെടുകയും ചെയ്യുന്നു. ഇതു പാപമോചനത്തിനും നിത്യജീവനും കാരണമാകട്ടെ.

നിദാനം

പുരോ: ചോദിക്കുവിൻ, നിങ്ങൾക്കുകിട്ടും. അന്വേഷിക്കുവിൻ, നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ നിങ്ങൾക്കു തുറന്നുതരും.[76] ഏന്നരുളിച്ചെയ്ത സർവ്വേശ്വരാ, ഞങ്ങളുടെ യാചനകൾ സ്വീകരിക്കയും നിന്റെ അനുഗ്രഹവർഷം ധാരാളമായി ഞങ്ങൾക്കു നല്കുകയും ചെയ്യണമേ.

ക്രിസ്തുനാഥൻ നമ്മെ പഠിപ്പിച്ച പ്രാർത്ഥന ജപിച്ചുകൊണ്ടു് സ്നേഹനിധിയായ പിതാവിനോടു് ജീവദായകമായ അപ്പം തരണമേ എന്ന ഭക്തിപൂർവ്വം പ്രാർത്ഥിക്കാം.[77]

സമൂഹം: ആകാശങ്ങളിലിരിക്കുന്ന[78] ഞങ്ങളുടെ പിതാവേ/ നിന്റെ നാമം പൂജിതമാകേണമേ./ നിന്റെ രാജ്യം വരേണമേ./ നിന്റെ തിരുമനസ്സു് ആകാശത്തിലെപ്പോലെ ഭൂമിയിലുമാകേണമേ./ അന്നന്നുവേണ്ട ആഹാരം ഇന്നും ഞങ്ങൾക്കു തരേണമേ./ ഞങ്ങളോടു തെറ്റു ചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ/ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കേണമേ./ ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ./ തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കേണമേ./ എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും/ എന്നേക്കും നിന്റേതാകുന്നു. ആമ്മേൻ.

പുരോ: സഹോദരരേ, ക്രിസ്തുനാഥൻ നല്കുന്ന ഈ ദിവ്യപ്രസാദ തീർത്ഥങ്ങൾ നമുക്ക് ഭക്തിപൂർവ്വം സ്വീകരിക്കാം.

സമൂഹം: നാഥാ, ഞങ്ങൾ അയോഗ്യരാകുന്നു / ഞങ്ങളെ യോഗ്യരാക്കേണമേ.

(എല്ലാവരും തിരുശരീരം കൈകളിലെടുക്കുമ്പോൾ താഴെ കൊടുത്തിരിക്കുന്നതോ, യുക്തമായ മറേറതെങ്കിലും ഭജനമോ പാടുന്നു.)

കൃപാകരാ ദയാകരാ
വരപ്രസാദമേകണേ
പ്രസാദമേകണേ

യേശുനാഥാ നിൻ
പദം നമിക്കുമീ
ഭക്തദാസരിൽ–പ്രസാദമേകണേ
സ്നേഹനാഥാ നിൻ–ദയാകടാക്ഷം
നല്കീ ഞങ്ങളിൽ–പ്രസാദമേകണേ.

കൃപാകര.....

പുരോ: ക്രിസ്തുദേവാ (സമൂഹം ചേരുന്നു) ഞങ്ങൾ അമർത്യത വഹിക്കുന്നവരാകട്ടെ./ സമൃദ്ധിയുടെ നാഥാ/ നീ ഞങ്ങളിൽ വസിക്കേണമേ./ നീയാണു ഞങ്ങളുടെ അഭയം./ നീ മാത്രമാണു് ഞങ്ങളുടെ ജീവിതസാരം.

(ഉരുക്കൊണ്ടശേഷം മൗനമായി കൃതജ്ഞത)

സമൂഹം: (പുരോഹിതൻ പൂജാപാത്രം കഴുകുമ്പോൾ) സൃഷ്ടികർത്താവും ഞങ്ങളുടെ നാഥനുമായ സർവ്വേശ്വരാ, ദിവ്യപ്രസാദം സ്വീകരിച്ച ഞങ്ങളിൽ നിന്റെ ചൈതന്യം ആന്തരികമായി വസിക്കട്ടെ./ ശാന്തിഭോജനം സ്വീകരിച്ച ഞങ്ങളെ/ നിത്യശാന്തികർഹരാക്കേണമേ./ അമർത്യതയുടെ അപ്പം സ്വീകരിച്ച ഞങ്ങളെ/ നിത്യവിരുന്നിനു യോഗ്യരാക്കേണമേ.

നിത്യം പൂർണ്ണനായ സർവ്വേശ്വരാ/ പ്രകാശത്തിന്റെ നികേതനമേ/ നിന്റെ അനന്തകാരുണ്യത്തിനു ഞങ്ങൾ കൃതജ്ഞത സമർപ്പിക്കുന്നു./ നിന്റെ വചനങ്ങളുടെ മാധുരി ആസ്വദിക്കാനും/ ദിവ്യരഹസ്യങ്ങളിൽ പങ്കുകൊള്ളാനും/ ബലഹീനരായ ഞങ്ങളെ നീ യോഗ്യരാക്കി./ അവർണ്ണനീയമായ നിന്റെ ദാനത്തിനു്/ എന്നെന്നും സ്തുതി.

സ്തോത്രഗീതി

സമൂഹം: പാവനൻ, പാവനൻ, പാവനനാം നീ
വാനവരായിരം ആലപിക്കുന്നു (2)
ഭൂവിലും നിന്നുടെ മഹിമകൾ നിതരാം
നിരയായ് ചേർന്നു വാഴ്ത്താം ഞങ്ങൾ (2)
പാവനൻ.....

പുരോ: സഹോദരരേ, ജീവിതരംഗങ്ങളിൽ ക്രിസ്തുവിനു നമുക്കു സാക്ഷ്യം വഹിക്കാം.[79]

സമൂഹം: പിതാവേ, നിന്റെ അനുഗ്രഹാശിസ്സുകളും നല്കി/ ഞങ്ങളെ നിന്റെ വയലിലേക്കയച്ചാലും.

പുരോ: നാമർപ്പിച്ച ഈ ബലിയുടെ ചൈതന്യത്തിൽ ജീവിതം തുടരുവാൻ ക്രിസ്തുനാഥൻ വരമരുളട്ടെ. തിന്മയെ നന്മകൊണ്ടു ജയിച്ചു ജീവ്രിതകൃത്യങ്ങളിൽ ക്രിസ്തുവിനു നമുക്കു സാക്ഷികളാകാം. ജീവിതക്ലേശങ്ങളിൽ ക്രിസ്തുവിലുള്ള പ്രതീക്ഷ നമുക്കു ആശ്വാസം പകരട്ടെ. പരസ്പരസ്നേഹംവഴി അവന്റെ ശിഷ്യരാണു നാമെന്നു ലോകം അറിയട്ടെ.[80] നമ്മുടെ നല്ല പ്രവൃത്തികളും കണ്ടു മറ്റുള്ളവരും നിത്യപിതാവിനെ സ്തുതിക്കാൻ ഇടയാകട്ടെ.[81] (ആശീർവ്വാദരൂപത്തിൽ കൈയുയർത്തി) മന്നിൽ അവതീർണ്ണനായ യേശുഭഗവാന്റെ കൃപയും പിതാവിൻ സ്നേഹവും പവിത്രാത്മാവിൻ സഹവാസവും നമ്മോടുകൂടെയുണ്ടായിരിക്കട്ടെ.[82]

സമൂഹം: ഇപ്പോഴും എപ്പോഴും എന്നേക്കും.

ഓം സ്വയംഭൂവേ നമഃ
ഓം നരദേവായ നമഃ
ഓം പവിത്രാത്മനേ നമഃ
ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ[83]

പൂജാപ്രാർത്ഥന

(സംഗ്രഹരൂപം)

ഉദ്ഗീത

പുരോ: അനാദിമുതൽ നമ്മെ സ്നേഹിച്ചുകൊണ്ട് സ്വയം ആവിഷ്കരിക്കയും മുക്തി മാർഗ്ഗം തുറന്നുതരികയും ചെയ്ത തിരുമനസ്സിന്റെ അനന്ത കാരുണ്യം നമുക്ക നസ്മരിക്കാം.

എല്ലാവരും:
അനന്ത സാത്വിക പൂർണ്ണിമയേ
അതുല്യ ചിന്മയ പൂർണ്ണിമയേ
അവർണ്ണ്യസുന്ദര പൂർണ്ണിമയേ
തൊഴുന്നു; നൽവരമേകണമേ![30]

പുരോ: നിത്യനായ പിതാവേ, ജീവന്റെ ഓരോ തരംഗവും പ്രപഞ്ചത്തിലെ ഓരോ പരമാണുവും നിന്റെ സാന്നിദ്ധ്യം നിറഞ്ഞുനിൽക്കുന്നു.[31]

സമൂഹം: നിനക്കതീതമായി ഒന്നുമില്ല; നിന്നെക്കാളും സാർവ്വത്രികമായി ഒന്നുമില്ല[32]

പുരോ: ആദിയിൽ നീ തപോജ്ഞാനംവഴി[34] സൃഷ്ടികർമ്മം ആരംഭിക്കയും, ശൂന്യത യിൽനിന്നു വിശ്വത്തെ വിളിച്ചുണർത്തുകയും ചെയ്തു.[35]

സമൂഹം: സൃഷ്ടികൾക്കെല്ലാം നാമവും രൂപവും[37] നല്കിയ നിന്റെ മഹാശക്തിയെ[33] ഞങ്ങളാരാധിക്കുന്നു.

പുരോ: ബുദ്ധിയും മനസ്സും നൽകി, നിന്റെ അദൃശ്യമായ കരുണയിലും സാദൃശ്യ ത്തിലും ഞങ്ങൾക്കു രൂപം പകരുകയും പ്രസാദജീവൻ നൽകി അനുഗ്രഹി ക്കുകയും ചെയ്തു.[38]

സമൂഹം: എങ്കിലും ബലഹീനരായ ഞങ്ങൾ നിനക്കെതിരായി തിന്മചെയ്ത പാപി കളായി.[40] അജ്ഞാനം[41] ഞങ്ങളെ ആത്മീയമായി അന്ധരാക്കുകയും ധ മ്മം[42] ക്ഷയിക്കുകയും ചെയ്തു.

പുരോ: അനാഥരായ ഞങ്ങൾക്കു നീയാണ് മാതാവും പിതാവും, നീ മാത്രമാണ് രക്ഷകൻ;[39] നീ തന്നെ ആശ്വാസദായകൻ.

സമൂഹം: പാപികളായ ഞങ്ങളെ വീണ്ടെടുത്തു ധർമ്മം പുനഃസ്ഥാപിക്കാൻ ഉന്നത നായ നീ കനിഞ്ഞിറങ്ങി. പ്രവാചകരുംവഴി നാനാവിധ ത്തിൽ രക്ഷാരഹസ്യം നീ വെളിപ്പെടുത്തി.

പുരോ: പരമമുഹൂർത്തം[44] സമാഗതമായപ്പോൾ തിരുസുതനെ അയച്ചുകൊണ്ട് രക്ഷാ കർമ്മം നീ പൂർത്തിയാക്കി; അദൃശ്യനായ അവൻ കന്യകാമറിയത്തിൽനിന്നു മനുഷ്യനായി അവതരിച്ചു.[46]

സമൂഹം: സഹനപൂർണ്ണമായ ജീവിതവും, മരണവും, മഹത്വമേറിയ ഉത്ഥാനവുംവഴി അവൻ ഞങ്ങളെ വീണ്ടെടുക്കുകയും ധർമ്മം പുനഃസ്ഥാപിക്കയുംചെയ്തു.

പുരോ: അവന്റെ അരൂപി ഭക്തിയിലും ശ്രദ്ധയിലും[48] ഞങ്ങളെ ഉറപ്പിക്കയും ദൈ വജനമായി[49] ഒന്നിപ്പിക്കയും ചെയ്തു.

സമൂഹം: സച്ചിദാനന്ദസ്വരൂപാ, അവാച്യമായ നിന്റെ ആത്മദാനത്തിനു അനവ രതം സ്തുതി. തിരുസുതന്റെ വിശ്വരൂപപ്രദർശനം[50] പ്രതീക്ഷിച്ചു കഴിയുന്ന ഞങ്ങളിൽ രക്ഷാരഹസ്യം പൂർത്തിയാകട്ടെ.

എല്ലാവരും: നിന്റെ പ്രിയപുത്രൻ ഞങ്ങളെ പഠിപ്പിച്ചതുപോലെ ഞങ്ങളിപ്പോൾ ഈ ചെറുസഭയിൽ രക്ഷാരഹസ്യം അനുസ്മരിക്കയും അനുഷ്ഠിക്കയും[53] ചെയ്യുന്നു. (മൗനം)

(ക്രൂദാശാവചനോച്ചാരണം)

പീഡാസഹനത്തിന്റെ തലേരാത്രിയിൽ ശിഷ്യരുടെ കാലുകഴുകി[56] പരസ്പരസ്നേഹത്തിന്റെയും സേവനത്തിന്റെയും മാതൃക നല്കിയശേഷം ഈശോ അപ്പമെടുത്തു് ഉന്നതങ്ങളിലേക്കു കണ്ണുകളുയർത്തി നിനക്കു കൃതജ്ഞത സമർപ്പിച്ചു്, വാഴ്ത്തി മുറിച്ചു് ശിഷ്യന്മാർക്കു നല്കിക്കൊണ്ടു് അരുളി ചെയ്തു: 'ഇതു് പാപമോചനത്തിനായി നിങ്ങൾക്കുവേണ്ടി മുറിക്കപ്പെടുന്ന എന്റെ ശരീരമാകുന്നു. നിങ്ങളെല്ലാവരും ഇതിൽനിന്നു വാങ്ങി ഭക്ഷിക്കുവിൻ.'

അനന്തരം പാനപാത്രമെടുത്തു് കൃതജ്ഞതാസ്തോത്രംചെയ്തു് അവർക്കു നല്കിക്കൊണ്ടു് അരുളിചെയ്തു: 'ഇതു് പാപമോചനത്തിനായി സകലർക്കുംവേണ്ടി ചിന്തപ്പെടുന്ന പുതിയ ഉടമ്പടിയിലെ എന്റെ രക്തമാകുന്നു. നിങ്ങളെല്ലാവരും ഇതിൽനിന്നു വാങ്ങി പാനം ചെയ്യുവിൻ.'[57]

ഞാൻ ഈ ചെയ്തതു് നിങ്ങളും എന്റെ നാമത്തിൽ ഒന്നിച്ചുകൂടുമ്പോൾ എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ.

നൈവേദ്യസമർപ്പണം

പുരോ: നിത്യനായ പിതാവേ, തിരുസുതന്റെ പീഡാസഹനത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമ്മ ആചരിച്ചുകൊണ്ടു് മഹത്പപൂർണ്ണമായ അവന്റെ പ്രത്യാഗമനംവരെ ഈ തിരുശരീരരക്തങ്ങൾ നിത്യനൈവേദ്യമായി നിനക്കു ഞങ്ങൾ സമർപ്പിക്കുന്നു.

സമൂഹം: ആമ്മേൻ. (എല്ലാവരും കുനിഞ്ഞാരാധിക്കുന്നു)

അർത്ഥന

പുരോ: ദ്രുതത്തിന്റെയും ധർമ്മത്തിന്റെയും ഉറവിടമായ സർവ്വേശ്വരാ[59] ഈ ബലിവഴി ലോകത്തിലാകെ ശാന്തി[61] കൈവരുവാനും മനുഷ്യരെല്ലാം നീ നല്കിയ നിത്യജീവൻ[62] പ്രാപിക്കുവാനും ഇടയാക്കണമേ. സാർവ്വത്രികസഭയുടെ തലവനായ (പേരു്) മാർപ്പാപ്പായെയും,[63] എല്ലാ മെത്രാന്മാരെയും വൈദികരെയും സമർപ്പിതരെയും നീ കനിഞ്ഞനുഗ്രഹിച്ചാലും. ഞങ്ങളുടെ രാജ്യത്തിനു് ആത്മികമായ ഉണർവ്വും[64] ഭൗതികമായ പുരോഗതിയും ഞങ്ങളുടെ ഭരണകർത്താക്കൾക്കും നേതാക്കന്മാർക്കും സത്യം ദർശിക്കുന്നതിനും ധർമ്മം അഭംഗമായി പാലിക്കുന്നതിനുമുള്ള കഴിവും നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: പിതാവേ, ഞങ്ങളുടെ പ്രാർത്ഥന സ്വീകരിക്കണമേ.

ശുശ്രൂഷി: ഞങ്ങളുടെ മാതാപിതാക്കന്മാർ ബന്ധുമിത്രാദികളും ഉപകാരികളും എന്നിവരെ പിതാവേ, നീ അനുഗ്രഹിക്കണമേ. മരിച്ചുപോയ ഞങ്ങളുടെ പിതൃജനങ്ങളെയും സ്നേഹിതരെയും നിത്യസൗഭാഗ്യത്തിലേക്കു പ്രവേശിപ്പിക്കണമേ. അതുപോലെ അദ്ധ്വാനിക്കുന്നവരും ആലംബമില്ലാത്തവരുമായ എല്ലാവർക്കും വേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: പിതാവേ, ഞങ്ങളുടെ പ്രാർത്ഥന സ്വീകരിക്കണമേ.

(പ്രത്യേക നിയോഗങ്ങൾ)

(Epiclesis തുടർന്നു കാണുക. see P. 13)

അനുബന്ധം

1 ശ്രദ്ധയും ഏകാഗ്രതയും ലഭിക്കുന്നതിനും മനസ്സ് ധ്യാനനിർലീനമാക്കുന്നതിനും ഇരിക്കുന്നതു സഹായകമാണെന്നു് ഭാരതീയ യോഗഗ്രന്ഥങ്ങൾ പഠിപ്പിക്കുന്നു. സാധാരണ പൂജ നിന്നുകൊണ്ടു ചെയ്യുമെങ്കിലും, ഉന്നതമായ പൂജ—ആത്മപൂജ—എപ്പോഴും ഇരുന്നാണു ചെയ്യുക. (ഗീത VI:10-14; ബ്രഹ്മസൂത്രം IV:1–7; യോഗസൂത്രം II:46).

2 ലളിതവും നിർമ്മലവുമായ ആന്തരികഭാവത്തെ ദ്യോതിപ്പിക്കുന്നതാണു് ശ്വേതവസ്ത്രം. പൂജയ്ക്കു ഭാരതീയർ ശ്വേതവസ്ത്രമാണു് ഉപയോഗിക്കുക (പൂജാവിധികൾ – പൈനാട്ടു് മനയ്ക്കൽ പുരുഷോത്തമൻ നമ്പൂതിരി, പുറം 24).

3 ദീപം ലോകത്തിന്റെ പ്രകാശവും നിത്യപുരോഹിതനുമായ ക്രിസ്തുവാണു്. ഹൈന്ദവർ അഗ്നിയെ പുരോഹിതനായി വണങ്ങുന്നു (ഋഗ്വേദ I: 1). അഗ്നി മനുഷ്യന്റെ അർച്ചനകളും ഈശ്വരസമക്ഷം എത്തിക്കുന്ന ദൂതനുമാണു് (ഈശ. ഉപ. 18; ഋഗ്വേദ I: 1–7).

4 സ്വർഗ്ഗകവാടം കിഴക്കുഭാഗത്താണെന്നാണു ഭാരതീയ സങ്കല്പം. ഈശ്വരദർശനാഭിമുഖമായി തിരിഞ്ഞിരിക്കുക എന്നതാണു് ഉദ്ദേശ്യം (SBE Introduction p. XXI–XLIII).

5 ഈശ. ഉപ. 15

6 ഋഗ്വേദം 10:90. സൃഷ്ടികർമ്മംതന്നെ ഒരു യജ്ഞമാണെന്നു ഭാരതീയ സങ്കല്പം.

7 ഈശ്വരസ്വരൂപത്തിന്റെ, വിശിഷ്യാ, വചനത്തിന്റെ പ്രതീകമാണു് 'ഓം'കാരം. എല്ലാ വേദങ്ങളും ഇതിൽ അടങ്ങിയിട്ടുണ്ടത്രേ (കഠ. ഉപ. I: 2, 15–17; പ്രശ്ന. 5:5; മാൻഡൂ. I: 1; ഗീത IX: 17). ശബ്ദബ്രഹ്മന്റെ പ്രതീകം (മൈത്രീ. ഉപ. VI: 22) എന്ന നിലയിൽ 'ഓം' ക്രിസ്തുവിനെ സൂചിപ്പിക്കുന്നു.

8 ശാന്തിയും സമാധാനവും നിറഞ്ഞ അന്തരീക്ഷം ആശംസിക്കുന്നതിനുപുറമേ, ബലിയുടെ പ്രധാനോദ്ദേശ്യമായ ദൈവവും മനുഷ്യനും തമ്മിലുള്ള സമാധാനത്തിന്റെ പുനഃസ്ഥാപനവും അനുസ്മരിപ്പിക്കുന്നു (കഠ. ഉപ. 5:15).

9 അഗ്നിയെ മദ്ധ്യസ്ഥനും പുരോഹിതനുമായി സ്വീകരിക്കുന്ന ഭാരതീയാഭിലാഷത്തിന്റെ പൂർത്തീകരണമാണു ക്രിസ്തു (1 തിമാ 2:5; ഋഗ്വേദ I:1–9).

10 'പരംജ്യോതി' 'സ്വയംപ്രകാശം' തുടങ്ങിയ ഈശ്വരനെക്കുറിച്ചുള്ള സങ്കല്പങ്ങളും ക്രിസ്തുവിൽ അന്വർത്ഥമാണു് എന്നു വിവക്ഷ (ഈശ. ഉപ. 18; ഛാന്ദോ. ഉപ. VIII: 3,3; അഥർവവേദ XIII: 3–17; ഗീത IX:10; X:21).

11 ക്രിസ്തുവാകുന്ന പ്രകാശത്തിനു വണക്കം കാണിക്കുന്നതിന്റെയും ആ പ്രകാശം ആന്തരികമായി സ്വീകരിക്കുന്നതിന്റെയും പ്രതീകം.

12 സങ്കീ. 118:14,15; യോഹ. 1:5).

13 'സച്ചിദാനന്ദം' ദൈവവിജ്ഞാനീയത്തിൽ ത്രിത്വത്തെ കുറിക്കുന്നു. സത്യം, ജ്ഞാനം, അനന്തം എന്ന തൈത്തിരീയ ഉപനിഷദ്വാക്യത്തിന്റെ (2:1) മറ്റൊരു രൂപമാണിതു്; ആഹ്നികതത്ത്വം മുക്ത ബോധവ്യാകരണവാക്യം ഒന്നു്.

14 സച്ചിദാനന്ദത്രയത്തിലെ ചിദ്രൂപനാണു ക്രിസ്തു. ദൈവത്തിന്റെ വിജ്ഞാനമാണു് ക്രിസ്തു (1 കൊറി. 1:24).

15 ഭാരതീയ മനോഭാവത്തിൽ വി. തോമ്മാശ്ലീഹാ പിതാവെന്നതിനെക്കാൾ ദിവ്യജ്ഞാനത്തിന്റെ ഗുരുനാഥനാണു് (മുണ്ഡക. ഉപ. I:2,12–13; മഹാഭാരതസഭാപർവ്വം)

16 സീറോ മലബാർ കുബ്ബാനക്രമം, ആലുവാ, 1968, പുറം 43.

17 തൈത്തി. ഉപ. 6:22.

18 മാണിക്കവാചകർ

19 ഹീബ്രൂ I:1. 20 ബ്രഹ. ഉപ. 2:4–5.

21 കം. ഉപ. 2:15. 22 2 കൊറി 13:13

23 ഗുരു, ഭാരതീയരുടെ മതാത്മകജീവിതത്തിൽ അതിപ്രധാന വ്യക്തിയാണു്. ഈശ്വരൻ ഭക്തന്റെ മുമ്പിൽ അവതരിക്കുന്ന ഒരു മാർഗ്ഗമാണു് ഗുരു. ഗുരുവിലൂടെയാണു സനാതനശബ്ദം നിർഗ്ഗളിക്കുക (ശ്വേതാ. ഉപ. VI; മനു. II:69; ഗീത II:34; കൂർമ്മ. പുരാ. II).

24 ബ്രഹ. ഉപ. I:3; II:8,

25 അന്തരാത്മത്തെ പൂജാപുഷ്പമായി ഉപചരിക്കുക ഭാരതീയസാഹിത്യത്തിൽ സാധാരണമാണു്. സാമണവവത്തപുരാണം നഗണേശ അദ്ധ്യായം 7; വരാഹപുരാ. ത്രിശക്തിമഹാത്മ്യാദ്ധ്യായം.

26 സർഗ്ഗശക്തിയുടെ പര്യായങ്ങളാണു് 'ആധാരശക്തിയും' 'മൂലപ്രകൃതി'യും മറ്റും.

27 പുറ. 40:2–3

28 ഗാഗുൽത്താമയെ സൂചിപ്പിക്കുന്നു. 29 വെളി. 21:1

30 സത്ചിത് ആനന്ദസ്വരൂപങ്ങളെ പ്രത്യേകം പ്രത്യേകം എടുത്തു പാടിപ്പുകഴ്ത്തുന്നു. ഭാരതീയ വീക്ഷണത്തിലുള്ള ഒരു 'ത്രിസാഗിയോൻ' ഇതിൽ ദർശിക്കാം.

31 ശ്വേതോ. ഉപ. 1:16 32 ശ്വേതോ. ഉപ. 3:9

33 സർഗ്ഗശക്തിയുടെ പ്രകാശനമാണു് സൃഷ്ടി (Cf. ഋഗ്വേദ 10)

34 ആദിപുരുഷന്റെ യജ്ഞത്തെ (ഋഗ്വേദം 10) തപസ്സായും വേദങ്ങളെ ചിത്രീകരിക്കുന്നു (ഋഗ്വേദ 9:129–31; ബ്രഹ. ഉപ. 1:2; 2:7; ഛാന്ദോ. ഉപ. 4:17ff).

35 സൃഷ്ടി 1:2; യോഹ. 1:3

36 സങ്കീ. 150:6; സൃഷ്ടി 1:2

37 സൃഷ്ടി 2:19. ഭാരതീയ ദർശനത്തിലും നാമവും രൂപവും വ്യക്തിത്വത്തിന്റെ നിർണ്ണയഘടകങ്ങളാണ് (ഛാന്ദോ. ഉപ. VI:3,2; മുണ്ഡക. ഉപ. I:1,1).

38 സൃഷ്ടി I:27

39 ശരണാഗതി. ഏകനായ ഒരു ദൈവത്തിൽ മാതൃത്വവും പിതൃത്വവും ഒരുമിച്ച് ആരോപിക്കുക പൗരാണിക പാരമ്പര്യമാണ് (രഘുവംശം I:1; ബ്രഹ. ഉപ. I:4,3; ഗീത II:143; ശ്രീരാമാനുജ ശരണാഗതി ഗദ്യം IV; സ്തോത്രരത്നം, യമുനാചാര്യ 43).

40 ബ്രഹ. ഉപ. I:4,10; യോഹ. 17:3

41 42 പാപത്തിന്റെ പരിണതഫലത്തെപ്പറ്റിയാണ് തത്ത്വശാസ്ത്രം

43 യോഹ. 8:12

44 ഏറ്റവും ശുഭമായസമയം എന്നർത്ഥം. ക്രൈസ്തവചിന്തയുടെ 'Kairos' എന്ന പദത്തിന്റെ അർത്ഥം നല്കാൻ ശ്രമിച്ചിരിക്കുന്നു.

45 സൃഷ്ടി 9:9; 12:2; പുറ. 19:5

46 ഗാല. 4:4

47 ലൂക്കാ 11:20; യോഹ. 20:30

48 ഗീത 4:39

49 Lumen Gentium, No. 9

50 ക്രിസ്തുവിന്റെ രണ്ടാമത്തെ ആഗമനം ഗീതയിലെ വിശ്വരൂപദർശനം (ഗീത XI) എന്ന ആശയത്തിലൂടെ ആവിഷ്കരിച്ചിരിക്കുന്നു (എഫേ. 1:23; 1:10).

51 1 കൊറി. 11:25 52 ഗീത 3:10

53 മലബാർ കുർബാനക്രമം, പേജ് 32

54 ,, ,, ,, 36

55 രക്ഷാകരരഹസ്യങ്ങൾ നമ്മുടെ മദ്ധ്യേ യാഥാർത്ഥീകരിക്കപ്പെടാൻ നാം പ്രാർത്ഥിക്കുന്നു. സത്താപരമായ മാറ്റത്തെക്കാൾ വ്യാപകമായ സാന്നിദ്ധ്യമാണ് വിവക്ഷ.

56 പരിക്ഷാളനത്തിനു പെസഹാരഹസ്യവുമായി പ്രതീകാത്മകബന്ധം ഉള്ളതുകൊണ്ട് അതും സൂചിപ്പിക്കുന്നു.

57 മലബാർ കുർബ്ബാനക്രമം, പേജ് 30–31
1 കൊറി. 11:23ff; ലൂക്കാ 22:19,20;
മർക്കോ. 14:22ff; മത്താ. 16:21f

58 മലബാർ കുർബാനക്രമം, പേജ് 32, ബലിയർപ്പിക്കുന്ന സമൂഹത്തിനു സാവ്വത്രികസഭയോടുള്ള ബന്ധം സൂചിപ്പിക്കുന്നു.

59 ഗീത 4:7–8

60 ഋതം, ധർമ്മം എന്നീ സങ്കേതങ്ങൾ മനുഷ്യന്റെ വീഴ്ചയ്ക്കു മുമ്പുണ്ടായിരുന്നതും പാപഫലമായി കോട്ടം സംഭവിച്ചതുമായ സ്ഥിതിയെക്കുറിക്കുന്നു (ഋഗ്. 63:7; 7:66; 12:3; 2:8 etc.)

61 യോഹ. 14:27 62 യോഹ. 10:10

63 യോഹ. 17:21 64 യോഹ. 17:6

65 യോഹ. 6:50

66 അമൃതം ദേവഭക്ഷണം, മരിക്കാത്തതെന്നത്ഥം. അക്ഷയാമൃതം = ഒരിക്കലും തീന്പോകാത്ത അമൃതം (യോഹ. 6:50).

67 ത്രിവിധാരതി. ഭാരതീയാചാരമനുസരിച്ച് ഏറ്റവും ബഹുമാന്യരായവക്കുള്ള വണക്കത്തിന്റെ അടയാളമാണ്.

68 സങ്കീ. 78:28 69 യോഹ. 6:50

70 യോഹ 14:6 71 യോഹ. 8:12

72 ഫിലി. 2:11 73 യോഹ. 7:38

74 മത്താ. 9:12 75 യോഹ. 4:8

76 മത്താ. 7:7 77 മത്താ. 6:9f

78 'സ്വർഗ്ഗസ്ഥനായ പിതാവു്' എന്നതിനെക്കാൾ 'ആകാശങ്ങളിലിരിക്കുന്ന പിതാവു്' എന്നതാണു ഭാരതീയചിന്തയ്ക്കു കൂടുതൽ യോജിക്കുക. 'സ്വർഗ്ഗം' എന്ന പദം താത്ക്കാലിക സൗഭാഗ്യം അനുഭവിക്കുന്ന സ്ഥലത്തെ മാത്രമേ സൂചിപ്പിക്കുന്നുള്ളു. അതു മുക്തി, അഥവാ പരമസൗഭാഗ്യ സ്ഥലമല്ല.

79 മത്താ. 5:16 80 യോഹ. 13:34–35

81 മത്താ. 5:16 82 2 കൊറി. 13:13

83 ബലിയുടെ ഫലമായ ദൈവിക ശാന്തിയുടെ അന്തരീക്ഷത്തിൽ പൂജ അവസാനിക്കുന്നു.



L. F. I. PRESS, THEVARA